# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

## കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്

## യു.ജി.ലേഡീസ് ഹോസ്റ്റൽ, മണ്ണുത്തി

**നമ്പർ** : HC/LH/2026/1 **തിയ്യതി : 13.07.2026**

## ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി കോളേജ് യു.ജി.ലേഡീസ് ഹോസ്റ്റൽ മണ്ണുത്തിയിലേക്ക് 22.07.2026 മുതൽ 21.07.2027 വരെ കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി മെസ് ഏറ്റെടുത്ത് ഹോസ്റ്റൽ കമ്മറ്റിയുടെ നിർദ്ദേശാനുസരണം ഭക്ഷണം പാകം ചെയ്തു വിളമ്പി തരേണ്ടതിലേക്കു പരിചയ സമ്പരായ വ്യക്തികളിൽ നിന്നോ, സഹകരണ സംഘങ്ങളിൽ നിന്നോ, സ്വാശ്രയ സംഘങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 450 പേർക്കുള്ള തുക കണക്കാക്കിയുള്ള ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

### കരാർ സംബന്ധിച്ച സുപ്രധാന വ്യവസ്ഥകൾ

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് മെസ് നടത്തിപ്പിനുള്ള ക്വട്ടേഷൻ 2026-27 എന്ന് രേഖപ്പെടുത്തിയിരിക്കണം.

വിലാസം : ഹോസ്റ്റൽ സെക്രട്ടറി, യു.ജി.ലേഡീസ് ഹോസ്റ്റൽ, സി.വി.എ.എസ്. മണ്ണുത്തി, 680 651, മൊബൈൽ നമ്പർ : 8113935494, 6235049084

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം : 20.07.2026 1 P.M.

ക്വട്ടേഷൻ തുറക്കുന്ന സമയം 20.07.2026, 1.30 P.M. (ഹോസ്റ്റൽ കമ്മറ്റി) യോഗം ചേർന്ന് ക്വട്ടേഷനുകൾ അവലോകനം ചെയ്തു വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി മെസ് നടത്തുവാൻ സ്ഥാപനത്തിന് ഏറ്റവും യോജിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാതരം ഭക്ഷണങ്ങളും പാകം ചെയ്യുന്നതിനുള്ള പ്രാവീണ്യവും ഭക്ഷണത്തിന്റെ ഗുണനിലവാരത്തെപ്പറ്റിയുള്ള പൊതു അഭിപ്രായവും കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ കണക്കിലെടുക്കുന്നതാണ്. ഇത് സംബന്ധിച്ചു അന്തിമ തീരുമാനം ഹോസ്റ്റൽ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

നിരത ദ്രവ്യം : തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ 7 ദിവസത്തിനകം 50,000 രൂപ ഹോസ്റ്റൽ ഓഫീസിൽ കെട്ടേണ്ടതാണ്.

**കരാർ പ്രാബല്യം : 22.07.2026 മുതൽ 21.07.2027.**

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുവാൻ സാധ്യമെങ്കിൽ മാത്രം ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.

1. മെസ്സിന്റെ നടത്തിപ്പ് പൂർണ്ണമായും വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള ഹോസ്റ്റൽ കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കും. ആയതിനാൽ കരാറുകാരനോ തൊഴിലാളികൾക്കോ കൂലിയോ, വേതനമോ, മറ്റു ആനുകൂല്യങ്ങളോ നൽകുവാൻ സർവ്വകലാശാലയ്ക്കോ, കോളേജിനോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

2. കരാറിന്റെ പ്രാബല്യം 22/072026 മുതൽ 21/07/2027 വരെയുള്ള വർഷത്തേക്കോ പുതിയ കരാർ പ്രാബല്യത്തിൽ വരുന്നതുവരെയോ ആയിരിക്കും. എങ്കിൽ കരാർ കാലയളവ് അഞ്ചുമാസം പൂർത്തിയാക്കുന്ന മുറയ്ക്ക് കരാറുകാരന്റെ പ്രവർത്തനങ്ങൾ ഹോസ്റ്റൽ കമ്മിറ്റി വിലയിരുത്തുന്നതും ആവശ്യമെങ്കിൽ ഹോസ്റ്റൽ കമ്മിറ്റിക്ക് മെസ്സ് നടത്തിപ്പിനുള്ള പുതിയ ക്വട്ടേഷൻ സ്വീകരിക്കാവുന്നതും ആറ് മാസം പൂർത്തീകരിക്കുന്ന 21/1/2027ന് ഈ കരാർ റദ്ദാക്കാവുന്നതും മെസ്സ് നടത്തിപ്പിനായി പുതിയ കരാർ ഉടമ്പടി ഹോസ്റ്റൽ കമ്മിറ്റി നടപ്പിലാക്കുന്നതുമാണ്.

3. കരാറുകാരൻ മെസ്സ് ഏറ്റെടുത്തു നടത്തുമ്പോൾ FSSAI മാനദണ്ഡങ്ങൾ പാലിക്കുന്നതാണ്. FSSAI രജിസ്ട്രാഷേൻ/ലൈസൻസ് എന്നിവ കൈവശം വെയ്ക്കുന്നത് പുതുക്കുന്നതുമാണ്. മെസ്സിൽ ശുചിയായി, ഹോസ്റ്റലിലെ കുട്ടികളുടെ ആരോഗ്യത്തിന് ഹാനി സംഭവിക്കാത്ത വിധത്തിൽ ഭക്ഷണം പാകം ചെയ്തു നൽകുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

4. ഭക്ഷണം പാകം ചെയ്യുവാനും വിൽക്കുവാനും സംസ്ഥാനത്തുള്ള എല്ലാ നിയമങ്ങളും കരാറുകാരൻ പാലിക്കുന്നതാണ്.

5. മെസ്സ് നടത്തിപ്പിനായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് EPF/ESI മുതലായ സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

6. മെസ്സ് ജീവനക്കാരുടെ ജോലി സമയത്തെ സുരക്ഷ കരാറുകാരനിൽ നിക്ഷിപ്തമാണ്.

7. അതാതു മാസത്തെ തുക കൈപ്പറ്റുന്നതിന് മുമ്പ് മെസ്സ് ജീവനക്കാരുടെ കഴിഞ്ഞ മാസത്തെ EPF/ESI മുതലായവ കരാറുകാരൻ അതാതു ഓഫീസുകളിൽ അടയ്ക്കുന്നതാണ്.

8. കരാർ കാലാവധിക്ക് ശേഷം സുരക്ഷാ നിക്ഷേപമായി വാങ്ങിയിട്ടുള്ള തുക ജീവനക്കാരുടെ ചട്ടപ്രകാരമുള്ള EPF/ESI മുതലായ തിരിച്ചടവുകൾ കരാറുകാരൻ തീർപ്പാക്കിയതിനുശേഷം മാത്രം തിരികെ നൽകിയാൽ മതിയാവുന്നതാണ്.

9. ഹോസ്റ്റൽ മെസ്സ് നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന തൊഴിലാളകൾക്കുള്ള ക്ഷേമനിധിയും മറ്റു ആനുകൂല്യങ്ങളും, സംസ്ഥാന തൊഴിലാളി ജീവൻ സുരക്ഷാ പദ്ധതി, കരാർ നിയമങ്ങൾ, അടിസ്ഥാന വേതന നിയമം, നഷ്ടപരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ നിയമങ്ങളും കാരുറുകാരൻ കർശനമായി പാലിക്കുന്നതാണ്. ഇത് സംബന്ധിച്ച എല്ലാ തർക്കങ്ങ

ളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

10. കരാറുകാരൻ മെസ്റ്റ് നടത്തിപ്പിനായി ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ സാക്ഷ്യ പത്രങ്ങളും കൈവശം സൂക്ഷിക്കുന്നതും, ജീവനക്കാരുടെ/തൊഴിലാളികളുടെ വൈദ്യ പരിശോധനകൾ ഇടയ്ക്കിടെ നടത്തുന്നതുമാണ്. മെസ്സ് തൊഴിലാളികളുടെ ഹെൽത്ത് കാർഡ് ഹോസ്റ്റർ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതാണ്.

11. ഭക്ഷണപാനീയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തൊഴിലാളികൾ ഹെയർ മാസ്ക്, ഗ്ലൗസ്, ഫേസ് മാസ്റ്റ് തുടങ്ങിയവ ഉപയോഗിക്കുന്നതും, യൂണിഫോമും ഓവർകോട്ടും ധരിക്കുന്നതുമായിരിക്കും. നാൽക്കാലികളും, ഇഴജന്തുക്കളും, എലികളും, പ്രാണി കളും മറ്റു കീടങ്ങളും മെസ്സിൽ പ്രവേശിക്കാതിരിക്കുവാൻ കരാറുകാരൻ ശ്രദ്ധ പുലർത്തുന്നതാണ്.

12. മെസ്സിലെ എല്ലാ ജീവനക്കാരുടെയും തൊഴിലാളികളുടെയും തിരിച്ചറിയൽ രേഖ യുടെ പകർപ്പ് കരാറിനോടൊപ്പം സമർപ്പിക്കുന്നതാണ്.

13. മെസ്സിന്റെ അകവും, പുറവും, പരിസരവും, മാലിന്യവിമുക്തവും, ശുചിത്വപരമായും സൂക്ഷിക്കേണ്ടത് കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വമാണ്.

14. കരാറുകാരനും തൊഴിലാളികളും തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾക്ക് കോളേ ജിനോ ഹോസ്റ്റൽ കമ്മിറ്റിക്കോ ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

15. കരാറിൽ നിന്നും പിൻവാങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം ആ വിവരം കുറഞ്ഞത് 2 മാസം മുമ്പ് ഹോസ്റ്റൽ സെക്രട്ടറിയെ കരാറുകാരൻ അറിയിക്കുന്നതാണ്.

16. ഹോസ്റ്റൽ കമ്മറ്റിക്ക് എപ്പോൾ വേണമെങ്കിലും കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുമ്പ് നോട്ടീസ് നൽകി, കരാർ റദ്ദാക്കി കരാറുകാരനെ ഒഴിവാക്കാവു ന്നതാണ്.

17. സെക്യൂരിറ്റി തുകയായി 50,000/- രൂപ കരാറുകാരൻ അടക്കുന്നതാണ്.

18. സേവന നികുതി, ആദായ നികുതി, GST, മറ്റു അനുബന്ധ നികുതികൾ യഥാസ മയം കരാറുകാരൻ അടക്കുന്നതാണ്.

19. മെസ്സിലെ സജ്ജീകരണങ്ങൾക്കു നാശനഷ്ടങ്ങൾ സംഭവിച്ചാൽ അതിന്റെ വില കരാ റുകാരനിൽ നിന്നും ഈടാക്കാവുന്നതാണ്.

20. മെസ്സിനും പരിസരത്തുമുള്ള വാഷ്ബേസിനുകൾ ശുചിയായും മാലിന്യമുക്തമായും സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം കരാറുകാരനിൽ പൂർണ്ണമായും നിക്ഷിപ്തമാ ണ്. മെസ്സിലെ ഖരമാലിന്യങ്ങൾ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തവണ്ണം ഉചിതക മായി കരാറുകാരൻ സംസ്കരിക്കുന്നതും മറ്റു മാലിന്യങ്ങൾ കരാറുകാരൻ തൃശ്ശൂർ കോർപ്പറേഷനിലെ ഹരിതകർമ സേന മുഖേന നീക്കം ചെയ്യുന്നതും ആയിരിക്കും. മാലിന്യ സംസ്കരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ഹോസ്റ്റൽ കമ്മറ്റിയും

സർവ്വകലാശാലയും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

21. ഹോസ്റ്റൽ കമ്മറ്റിക്ക് ഏതുസമയത്തും മെസ് പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. മെസ് തൊഴിലാളികളുടെ പ്രവർത്തനങ്ങളിൽ അതൃപ്തി തോന്നിയാൽ ഹോസ്റ്റൽ കമ്മറ്റിക്ക് തൊഴിലാളികളെ മാറ്റുന്നതിനായി കരാറുകാരനോട് ആവശ്യപ്പെടാവുന്നതാണ്.

22. യാതൊരുവിധ ലഹരി വസ്തുക്കളും മെസ്സിൽ മെസ്സിൽ കരാറുകാരനോ, തൊഴിലാളികളോ ഉപയോഗിക്കുന്നതല്ല.

23. കരാർ കാലാവധിയിൽ അംഗീകരിച്ചിട്ടുള്ള നിരക്കുകൾ യാതൊരു കാരണവശാലും മാറ്റം വരുത്തുവാൻ കരാറുകാരൻ ആവശ്യപ്പെടുന്നതല്ല.

24. മെസ്സ് നടത്തിപ്പുമൂലം കരാറുകാരന് ഉണ്ടായേക്കാവുന്ന ബാധ്യതകൾക്കു ഹോസ്റ്റൽ കമ്മറ്റി ഉത്തരവാദി ആയിരിക്കുന്നതല്ല.

25. കരാർ അവസാനിക്കുമ്പോൾ യാതൊരു അവകാശ വാദവും ഉന്നയിക്കാതെ കെട്ടിടം കരാറുകാരൻ ഒഴിയുന്നതായിരിക്കും.

( Sd/- )

**ഹോസ്റ്റൽ സെക്രട്ടറി**

**യു.ജി.ലേഡീസ് ഹോസ്റ്റൽ**

**വെറ്ററിനറി കോളേജ് മണ്ണുത്തി**